പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1584 | 11.08.2017-ലെ. മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. തോമസ് ചാണ്ടി |
| " കെ. കുഞ്ഞിരാമൻ | (ഗതാഗത വകുപ്പ് മന്ത്രി) |
| " കാരാട്ട് റസാഖ് | |
| " എം. മുകേഷ് | |

| | | | |
|---|---|---|---|
| (എ) | സർക്കാർ ഗ്രാന്റ് ആയി നൽകുന്ന പെൻഷൻ തുകയുടെ 50 ശതമാനം കൂടാതെ ബാക്കി പെൻഷനും ശമ്പളത്തിനുമായി എല്ലാ മാസവും സർക്കാർ സഹായത്തോടെ കടമെടുത്ത് കടക്കെണിയിലാകുന്ന ദുരവസ്ഥയിൽ നിന്ന് കെ.എസ്. ആർ.ടി.സി.യെ കരകയറ്റാനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും, പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പാ പദ്ധതിയിലേക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ച് വരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പ. തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ.സുശീൽ ഖന്നയുടെ പഠന റിപ്പോർട്ട് പൂർണമായും നടപ്പിലാക്കാൻ കഴിയുന്നതോടെ കടക്കെണിയിൽ ആയിരിക്കുന്ന ദുരവസ്ഥയിൽ നിന്നും കെ.എസ്.ആർ.ടി.സിയെ കരകയറ്റാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മൂന്നു വർഷം കൊണ്ട് സ്ഥാപനത്തെ ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ബജറ്റിൽ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ രക്ഷാ പാക്കേജ് സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.ക്ക് 900 ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | 2013-14 മുതൽ റവന്യൂവിൽ കാര്യമായ വർദ്ധനവുണ്ടാകാതെ പോയതിന്റെയും റവന്യൂ വിടവ് ഭീമമായ തോതിൽ വർദ്ധിച്ചു വരുന്നതിന്റെയും കാരണങ്ങൾ വിശകലനം നടത്തിയിരുന്നോ; ഇത് പരിഹരിക്കാനായി എന്ത് ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഈ പ്രക്രിയയിൽ തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തു കൊണ്ടുള്ള നടപടി ഉണ്ടാകുമോ? | (സി) | 2013-14 മുതൽ വരവ്-ചെലവ് അന്തരം ഭീമമായ തോതിൽ കൂടുകയുണ്ടായി. റവന്യൂ കളക്ഷനിലെ വർദ്ധനവ് പല കാരണങ്ങളാലും ഉയർന്നിട്ടില്ലാത്തതായിരുന്നു പ്രധാന കാരണം. അതേസമയം 01.01.2013 മുതൽ ജീവനക്കാരുടെ ശമ്പളത്തിലും പെൻഷനിലുമുള്ള വർദ്ധനവ് നടപ്പിലാക്കിയപ്പോൾ വരവ്-ചെലവ് അന്തരം കൂടിതുടങ്ങി. കൂടാതെ ഡീസൽ, സ്പെയർ പാർട്സ് എന്നിവയ്ക്കുണ്ടായ ക്രമാതീതമായ വില വർദ്ധനവും വരവ്-ചെലവ് അന്തരം കൂടുന്നതിന് കാരണമായി. 2012-ലെ ശമ്പള പരിഷ്കരണത്തിനുശേഷം 92% വരെ ക്ഷാമബത്തയും, ക്ഷാമാശ്വാസവും കൊടുത്ത വകയിലും വൻ വർദ്ധനവ് വന്നതോടുകൂടി ശമ്പളവും പെൻഷനും മുടങ്ങുന്ന സ്ഥിതിയിലേക്കായിരുന്നു കാര്യങ്ങൾ പോയ്ക്കൊണ്ടിരുന്നത്. വരവ്-ചെലവ് അന്തരം പരിഹരിക്കുന്നതിനായി പലപരിഹാരങ്ങളും കെ. എസ്. ആർ. ടി. സി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ. ടി.സി.യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും, പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പാ പദ്ധതിയിലേക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ച് വരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നഷ്ടത്തിൽ ഓടുന്ന കെ.എസ്. ആർ.ടി.സിയെ പുനരുദ്ധരിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ. ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗ |

| | | | |
|---|---|---|---|
| | | | പ്പെടുത്തുന്നതിനും വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രപ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയ തരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, കൂടുതൽ യാത്രക്കാർക്ക് സൗകര്യം ഒരുക്കുന്നതിന് വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. ടി നടപടികൾ എല്ലാംതന്നെ തൊഴിലാളികളെ വിശ്വാസത്തിലെടുത്തു കൊണ്ടാണ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**